**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2318 **17.08.2017-** ലെ മറുപടിക്ക്

## പട്ടാമ്പി മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടാമ്പി നിയോജക മണ്ഡലത്തിലെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ | (എ) | ഉണ്ട്. പട്ടികജാതി കുടുംബങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) പട്ടാമ്പി നിയോജക മണ്ഡലത്തിൽ നിലവിൽ പട്ടികവർഗ്ഗ കുടുംബങ്ങളൊന്നും താമസിക്കുന്നില്ല. |
| (ബി) | പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി സ്ഥലവും വീടും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരവും ദുർബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരവും ഭൂമിയും, ഭവന നിർമ്മാണ ധനസഹായ |

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഭവന രഹിതർ | ഭൂരഹിതർ |
|---|---|---|---|
| 1 | ഓങ്ങല്ലൂർ | 40 | 40 |
| 2 | കുലുക്കല്ലൂർ | 78 | 61 |
| 3 | കൊപ്പം | 32 | 8 |
| 4 | മുതുതല | 45 | 46 |
| 5 | വിളയൂർ | 20 | 31 |
| 6 | തിരുവേഗപ്പുറ | 41 | 39 |
| 7 | വല്ലപ്പുഴ | 14 | 18 |
| **ആകെ** | | **270** | **243** |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം വീടും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നിലവിൽ അനുവദിച്ചു നല്കി വരുന്നു. ഇതിലേക്കായി പുതിയ പദ്ധതികളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. ഭൂരഹിത പുനരധിവാസ പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷം 180 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭവന നിർമ്മാണത്തിനായും, 2007-08 മുതൽ അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായും, 2007-08 മുതൽ 2012-13 വരെയുള്ള വീടുകൾക്ക് അധിക ധനസഹായം അനുവദിക്കുന്നതിനും, പഠനമുറി നിർമ്മിക്കുന്നതിനുമായി 2017-18 വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും വനാവകാശ നിയമം 2006 പ്രകാരം ഭൂമിയിൻമേലുള്ള വ്യക്തിഗത കൈവശാവകാശം നൽകുന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി 50 കോടി രൂപയും ഭവന നിർമ്മാണ പദ്ധതിക്കായി 115.08 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്ക് വീട് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനായി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ഭവന നിർമ്മാണ പദ്ധതികൾ ചുവടെ ചേർക്കുന്നു.

### 1. ജനറൽ ഹൗസിംഗ് പദ്ധതി

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീട് നിർമ്മിക്കുവാൻ/മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളുടെ സ്പിൽ ഓവർ പ്രവൃത്തികൾ/ഭവന പുനരുദ്ധാരണം മുതലായവയ്ക്കുള്ള സാമ്പത്തിക സഹായമാണ് ഈ പദ്ധതി മുഖാന്തിരം നൽകി വരുന്നത്. പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണ ധനസഹായം രണ്ടര ലക്ഷം രൂപയിൽ നിന്നും മൂന്നര ലക്ഷം രൂപയായി സർക്കാർ ഉത്തരവ്(കൈ)നം. 36/2015/പജപവവിവ തീയതി 14/5/15 പ്രകാരം വർദ്ധിപ്പിച്ച് നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 1875 വീടുകൾ പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു. ടി സാമ്പത്തിക വർഷം 115.08 കോടി രൂപ വകയിരുത്തിയതിൽ 75.25 രൂപ അനുവദിച്ചിട്ടുണ്ട്.ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പദ്ധതി പുരോഗമിച്ചു വരുന്നു.

### 2. ഹഡ്കോ ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗക്കാരായ ഭവനരഹിതർക്ക് 5000 വീടുകൾ അനുവദിക്കുന്നതിനായി ഹഡ്കോയിൽ നിന്നും 135 കോടി രൂപ വായ്പ എടുക്കുകയും, സംസ്ഥാനത്തൊട്ടാകെ 5000 പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയിൽപ്പെടുത്തി 2980 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു.

### 3. വനബന്ധു കല്യാൺ യോജന പദ്ധതി

ഇന്ത്യയിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും, ക്ഷേമത്തിനുമായി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പട്ടികവർഗ്ഗ കാര്യ മന്ത്രാലയം തുടങ്ങിയ പദ്ധതിയാണിത്. ടി പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ഭവന നിർമ്മാണം. 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ഉൾപ്പെടുത്തി 1854 പട്ടികവർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചു വരുന്നു.

### 4.എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി

പട്ടികവർഗ്ഗ മേഖലയിൽ സമ്പൂർണ്ണ ഭവന പദ്ധതി സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി 2015-16 സാമ്പത്തിക വർഷം എ.റ്റി.എസ്.പി പദ്ധതിയിൽ ഉൾപ്പെടുത്തി 9425 പുതിയ വീടുകൾ അനുവദിക്കുകയും, ആയതിൽ 1323 വീടുകൾ പൂർത്തീകരിക്കുകയും ഒന്നാം ഘട്ടത്തിൽ 651 വീടുകളും 2-ാം ഘട്ടത്തിൽ 1940 വീടുകളും 3-ാം ഘട്ടത്തിൽ 4619 വീടുകളും 4-ാം ഘട്ടത്തിൽ 892 വീടുകളുടെയും നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയും ചെയ്യുന്നു.

1. <u>പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പട്ടികവർഗ്ഗ ഉപപദ്ധതി</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകൾ നൽകാൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMAY (ഗ്രാമീൺ) - യിലൂടെ ലക്ഷ്യമിടുന്നു. ബ്ലോക്ക്പഞ്ചായത്തുകൾക്കാണ് വിഹിതം വകയിരുത്തിയിരിക്കുന്നത്. 2016-17 സാമ്പത്തിക വർഷം നാളിതുവരെയായി 1067 പട്ടികവർഗ്ഗകുടുംബങ്ങൾക്ക് PMAYപദ്ധതി പ്രകാരം വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2015-16 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിന് വകുപ്പിന്റെ വിഹിതമായ 1 ലക്ഷം രൂപ അനുവദിക്കുന്നതിന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് എന്നിവർക്ക് PMAY പദ്ധതിയിൽ നീക്കിവച്ച തുകയിൽ നിന്നും 2015-16 കമ്മിറ്റഡ് എക്സ്പൻഡിച്ചർ നൽകുന്നതിനായി തുക വിനിയോഗിക്കുന്നതിന് സർക്കാർ ഉത്തരവ് (സാധാ) നം. 824/2017/തസ്വഭവ തീയതി 20/03/2017 ന് അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 8 കോടി രൂപ ഗ്രാമവികസന വകുപ്പ് ചെലവഴിച്ചിട്ടുണ്ട്.

എ.കെ. ബാലൻ